ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിലെ ഫണ്ട് പ്രധാനമായും കാനറാബാങ്കിലാണ് നിക്ഷേപിക്കുന്നത്. കാനറാബാങ്കിൽ ഫണ്ട് പൂളിംഗ് നടത്തിയതുവഴി കമ്പനിക്ക് ഓവർഡ്രൂ പലിശയായി ഇതുവരെ തുകയൊന്നും നൽകേണ്ടി വന്നിട്ടില്ല.

(ബി, സി) നിക്ഷേപങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നു കാര്യം പ്രായോഗികമല്ല.

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിനു പാളയത്തും ശ്രീകാര്യത്തും ബ്രാഞ്ചുകൾ

9 [2164] ശ്രീമതി നബീസാ ഉമ്മാൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിനു തിരുവനന്തപുരം പാളയത്തും, ശ്രീകാര്യത്തും ഓരോ ബ്രാഞ്ചുകൾ തുറക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കഴക്കൂട്ടം, ആറ്റിങ്ങൽ, വർക്കല എന്നീ ബ്രാഞ്ചുകളിൽ സ്വർണ്ണപണയ പദ്ധതി കൂടി നടപ്പിലാക്കുവാൻ പരിപാടിയുണ്ടോ;

(സി) സ്ഥിര നിക്ഷേപമായി സ്വീകരിക്കുന്ന തുക മുഴുവൻ ഹയർ പർച്ചേയ്സ് ലോണായി വിനിയോഗിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) റീജിയണൽ ഓഫീസുകൾക്ക് പ്രസ്തുത റീജിയണലിലെ ശംബള വിതരണം ഉൾപ്പെടെയുള്ള ചുമതലകൾ കൂടി ഉൾപ്പെടുത്തുവാൻ പരിപാടിയുണ്ടോ എന്നു വിശദീകരിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം പാളയത്തും ശ്രീകാര്യത്തും ശാഖ തുറക്കുന്ന കാര്യം 'ഫീസിബിലിറ്റിസ്റ്റഡി' നടത്തിയശേഷം പരിഗണിയ്ക്കുന്നതാണ്.

(ബി) കഴക്കൂട്ടം, ആറ്റിങ്ങൽ, വർക്കല എന്നീ ബ്രാഞ്ചുകളിൽ സ്വർണ്ണപണയ പദ്ധതികൂടി ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) സ്ഥിരനിക്ഷേപമായി സ്വീകരിക്കുന്ന തുകയുടെ ഒരു ഭാഗം നിക്ഷേപകർക്കുതന്നെ വായ്പയായി നൽകേണ്ടതുള്ളതുകൊണ്ടും കൂടാതെ ബ്രാഞ്ചുകളിൽ ഘട്ടംഘട്ടമായി സ്വർണ്ണവായ്പ പദ്ധതി വ്യാപിപ്പിച്ചുവരുന്നതുകൊണ്ടും നിക്ഷേപത്തുക മുഴുവനും ഹയർപർച്ചേയ്സ് ലോണായി വിനിയോഗിക്കുന്നതിനു പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(ഡി) ഇപ്പോൾ പരിപാടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly